# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 665</u> <u>13.06.2012-ൽ മറുപടിക്ക്</u>

## <u>ആരോഗ്യമേഖലയിലെ ഒഴിവുകളുടെ വിശദാംശം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. കെ.ദാസൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷമുള്ള കാലയളവിൽ സംസ്ഥാനത്ത് മാതൃ മരണ നിരക്ക് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് മാതൃമരണ നിരക്ക് വർദ്ധിച്ചിട്ടില്ല. എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസേഴ്സ് മീറ്റിംഗിൽ ഓരോ ജില്ലയുടെയും മാതൃ മരണ നിരക്കും മാതൃമരണം സംഭവിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ചും വിശദമായ ചർച്ചകളും അവലോകനവും നടത്തുന്നുണ്ട്. കൂടാതെ 02.05.2012-ൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മെഡിക്കൽ കോളേജുകളിലെയും ഗൈനക്കോളജി വകുപ്പ് തലവൻമാരെയും ആരോഗ്യ വകുപ്പിലെ എല്ലാ സീനിയർ ആഫീസർമാരെയും കൂടാതെ പ്രസവം നടക്കുന്ന ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുമാരെയെല്ലാം ചേർത്ത് മാതൃ മരണങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ച് ഒരു അവലോകനയോഗം സംഘടിപ്പിക്കുകയും മാതൃ മരണം കുറയ്ക്കുന്നതിന് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പൊതുജനാരോഗ്യ മേഖലയിൽ സർക്കാർ ഇടപെടൽ ഫലപ്രദമല്ല എന്നതും ആശുപത്രികളിൽ മരുന്നും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിലും ഈ സർക്കാരിന് വീഴ്ച വന്നിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ; | (ബി) ഇല്ല. പൊതുജനാരോഗ്യമേഖലയിൽ ഫലപ്രദമായ രീതിയിൽ ഇടപെടുന്നതിനുള്ള നടപടികൾ ചെയ്തു വരുന്നുണ്ട്. ആശുപത്രികളിൽ മരുന്നും മറ്റ് സാധനസാമഗ്രികളും ലഭ്യമാക്കുന്നതിനും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നുണ്ട്. |
| (സി) ആരോഗ്യ മേഖലയിൽ ഡോക്ടർമാർ, ലാബ് ടെക്നീഷ്യന്മാർ തുടങ്ങി വിവിധ തസ്തികകളിൽ ഒഴിവുകൾ നികത്തപ്പെടാതെ നിൽക്കുന്നത് ശ്രദ്ധയിൽ | (സി) ഉണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി നിയമന ശുപാർശ നൽകുന്ന മുറയ്ക്ക് ഡോക്ടർമാരെ |

പ്പെട്ടിട്ടുണ്ടോ ;

ആരോഗ്യവകുപ്പിൽ നിയമിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഡോക്ടർമാരെ പ്രമോഷൻ നൽകി ഒഴിവുള്ള തസ്തികകളിൽ നിയമിച്ചു വരുന്നു. ലാബ് ടെക്നീഷ്യന്മാരുടെ നിലവിലുള്ള 201 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി നിയമന ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ താത്ക്കാലിക സംവിധാനമെന്ന നിലയിൽ എൻ.ആർ.എച്ച്.എം/ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച്/ എച്ച്.ഡി.സി മുഖാന്തിരം താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഇക്കഴിഞ്ഞ ഒരു വർഷ കാലയളവിൽ പുതുതായി എത്ര ഡോക്ടർമാരെ പി.എസ്.സി വഴി സ്ഥിരമായി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

(ഡി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ഇക്കഴിഞ്ഞ ഒരു വർഷ കാലയളവിൽ 750 അസിസ്റ്റന്റ് സർജൻമാരെയും 46 ജൂനിയർ കൺസൾട്ടന്റുമാരെയും പി.എസ്.സി വഴി നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ